ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പിഴ ഈടാക്കുക, ലൈസൻസ് റദ്ദാക്കുക തുടങ്ങിയ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 118 അനുസരിച്ച് മോട്ടോർ സൈക്കിളുകൾക്ക് സ്പീഡ് ഗവർണ്ണർ ബാധകമല്ല.

(സി) കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ഇക്കാര്യം പ്രായോഗികമല്ല.

വിനോദസഞ്ചാരികളെ ആകർഷിക്കാനായുള്ള പദ്ധതി

294 (2038) ശ്രീ. പി. എ.മാധവൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പ് വിനോദസഞ്ചാരികളെ ആകർഷിക്കാൻ കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും താരതമ്യേന ചെലവ് കുറഞ്ഞതുമായ രീതിയിൽ ജലഗതാഗത മേഖലയിൽ ടൂറിസം നടപ്പിലാക്കുന്നതിന് പദ്ധതി മുഖേന ലക്ഷ്യമിടുന്നു.

(സി) കൊല്ലം-ആലപ്പുഴ ടൂറിസ്റ്റ് സർവ്വീസും, ആലപ്പുഴ-കൊല്ലം സർവ്വീസും, ആലപ്പുഴ-കുട്ടനാട് പാസഞ്ചർ-കം-ടൂറിസ്റ്റ് സർക്കുലർ ബോട്ട് സർവ്വീസ് 'സീ-കുട്ടനാട്,' എന്ന പേരിലും ആരംഭിച്ചു. വൈക്കം-എറണാകുളം റൂട്ടിലും, ആലപ്പുഴ-കുമരകം-കോട്ടയം റൂട്ടിലും ടൂറിസ്റ്റുകൾക്കും സാധാരണ യാത്രക്കാർക്കും പ്രയോജനപ്പെടുന്ന തരത്തിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എയർ കണ്ടീഷൻ ഉൾപ്പെടെ സൗകര്യമുള്ള ഓരോ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട് വാങ്ങുന്നതിനും പ്രസ്തുത റൂട്ടുകളിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടികൾ പൂർത്തിയായി വരികയാണ്.

(1732, 1740, 1756, 1765, 1766, 1773, 1786, 1788, 1790, 1794, 1870, 1900, 1915, 1922 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly